# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1366 30.01.2018 -ലെ മറുപടിയ്ക്ക്

**സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥി വിരുദ്ധ നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ : | പ്രൊഫ. സി രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്വാശ്രയ കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെകുറിച്ച് പഠിക്കുവാൻ നിയോഗിച്ച ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണെന്നും അതിൽ ഏതൊക്കെ ശുപാർശകൾ നടപ്പിലാക്കിയെന്നും വ്യക്തമാക്കുമോ; | (ബി) | ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | പാമ്പാടി നെഹ്റു കോളേജിലെയും മറ്റക്കര ടോംസ് കോളേജിലെയും വിദ്യാർത്ഥി വിരുദ്ധ നടപടികൾ അന്വേഷിക്കുന്നതിന് നിയുക്തരായ എൻക്വയറി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | മറ്റക്കര ടോംസ് കോളേജിലെ വിദ്യാർത്ഥികളുടെ പരാതികൾ അന്വേഷിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കോളേജിന്റെ അഫിലിയേഷൻ റദ്ദ് ചെയ്യണമെന്ന് എ.ഐ.സി.റ്റി.ഇ.യോട് സർവ്വകലാശാല ശുപാർശ ചെയ്തിരുന്നു. അതിനെതിരെ ടി കോളേജ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും തുടർന്ന് പരിശോധന നടത്തി അംഗീകാരം നൽകുകയുമുണ്ടായി. പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥിയുടെ മരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ രണ്ട് കോളേജുകളിൽ നിന്നും കോളേജ് മാറ്റം ആവശ്യപ്പെട്ട വിദ്യാർത്ഥികളെ അവരുടെ താത്പര്യം |

| | | | |
|---|---|---|---|
| | | | പരിഗണിച്ച് മറ്റ് കോളേജുകളിലേയ്ക്ക് മാറ്റുകയുമുണ്ടായി. |
| (ഡി) | എഞ്ചിനീയറിംഗ് കോളേജുകളിൽ വിദ്യാർത്ഥി വിരുദ്ധ നടപടികൾ അവലോകനം ചെയ്യുന്നതിന് സാങ്കേതിക സർവ്വകലാശാല ഓംബുഡ്സ്മാനെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിദ്യാർത്ഥി വിരുദ്ധ പ്രവർത്തനങ്ങളിൽ ഇതുമൂലം ഉണ്ടായ വ്യത്യാസം വ്യക്തമാക്കുമോ; | | എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥി വരുദ്ധ നടപടികൾ അവലോകനം ചെയ്യുവാൻ ഓംബുഡ്സ്മാനെ നിയമിക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | തിരുവനന്തപുരം ലോ അക്കാഡമി ലോ കോളേജുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അന്വേഷിക്കുന്നതിന് നിയോഗിച്ച സിൻഡിക്കേറ്റ് സബ് കമ്മിറ്റിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ? | | തിരുവനന്തപുരം ലോ അക്കാഡമി ലോ കോളേജുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അന്വേഷിക്കുന്നതിന് നിയോഗിച്ച സിൻഡിക്കേറ്റ് സബ് കമ്മിറ്റിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റിന്റെ ശുപാർശ പ്രകാരം<br><br>എല്ലാവിധ പരീക്ഷാ ചുമതലകളിൽ നിന്നും ഡോ.പി.ലക്ഷ്മി നായരെ 5 വർഷത്തേക്ക് ഡീബാർ ചെയ്തു.<br><br>ഡോ.പി.ലക്ഷ്മി നായരെ പ്രിൻസിപ്പാൾ സ്ഥാനത്തു നിന്നും നീക്കം ചെയ്തു<br><br>വനിത ഹോസ്റ്റലിലെ സി.സി.ടി.വി ക്യാമറകൾ മാറ്റി സ്ഥാപിച്ചു<br><br>പരീക്ഷാകാലങ്ങളിൽ വിദ്യാർത്ഥികളെ ഹോസ്റ്റലിൽ നിന്നും ഒഴിപ്പിക്കുന്ന സമ്പ്രദായം നിറുത്തിവച്ചു. |

സെക്ഷൻ ഓഫീസർ